n. 001/2021/PL Dated: 16.02.2021

# <u>തപസ്സുകാലം - 2021</u>

ദൈവത്തിനു സ്തുതി!
ദൈവജനത്തിനു സമാധാനം!

**വന്ദ്യ വൈദികരേ, പ്രിയമക്കളേ,**
നമ്മുടെ അതിരൂപതാദ്ധ്യക്ഷന്റെ ആരോഗ്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്ന അവസരമാണല്ലോ ഇത്. ഈ പശ്ചാത്തലത്തിൽ തപസ്സുകാലത്തെ വിശുദ്ധീകരണത്തിനുതകുന്ന ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

യേശുവിന്റെ പീഢാസഹന മരണ ഉത്ഥാന രഹസ്യങ്ങളെ ധ്യാനിച്ച് നവചൈതന്യത്തിലേയ്ക്ക് വളരുവാൻ നമ്മെ ആഹ്വാനം ചെയ്യുന്ന തപസ്സുകാലത്തിലേയ്ക്ക് കഴിഞ്ഞ ബുധനാഴ്ച നെറ്റിയിൽ ചാരം പൂശിക്കൊണ്ട് നാം തുടക്കം കുറിച്ചു. ഇത് നവീകരണത്തിന്റെയും കൃപാവരത്തിന്റെയും നാളുകളാണെന്ന് നമുക്കറിയാം. “ഇതാ ഇപ്പോൾ സ്വീകാര്യമായ സമയം, ഇതാ ഇപ്പോൾ രക്ഷയുടെ ദിവസം” (2 കൊറി. 6:2) എന്ന പൗലോസ് അപ്പോസ്തലന്റെ വാക്കുകൾ നോമ്പുകാലത്തിന്റെ ഓരോ ദിവസത്തിന്റേയും പ്രാധാന്യമാണ് നമ്മെ അനുസ്മരിപ്പിക്കുന്നത്.

മനുഷ്യ ജീവിതത്തിന്റെ നശ്വരതയെക്കുറിച്ച് സങ്കീർത്തകൻ ഇങ്ങനെ പറയുന്നു. “സായാഹ്നത്തിലെ നിഴൽപോലെ എന്റെ ദിനങ്ങൾ കടന്നുപോകുന്നു. പുല്ലുപോലെ ഞാൻ വാടികരിഞ്ഞുപോകുന്നു” (സങ്കീ. 102:11). “മനുഷ്യന്റെ ജീവിതം പുല്ലുപോലെയാണ്; വയലിലെ പൂപോലെ അത് വിരിയുന്നു” (സങ്കീ. 103: 15). നമ്മുടെ ജീവിതത്തിന്റെ നിസ്സാരതയേയും ക്ഷണികതയേയും ഓർമിപ്പിച്ചുകൊണ്ട് കോവിഡ്-19 മഹാമാരി നമ്മെ ഭയത്തിന്റേയും ആശങ്കയുടേയും മുൾമുനയിൽ നിർത്തുന്നു. മനുഷ്യജീവിതത്തിന്റെ നശ്വരതയെക്കുറിച്ചും പരിമിതികളെക്കുറിച്ചും വ്യക്തമായ കാഴ്ച്ചപ്പാട് ഈ മഹാമാരി സമ്മാനിച്ചു. ദൈവത്തിൽ പൂർണ്ണമായി വിശ്വസിക്കുകയും ആശ്രയിക്കുകയും സഹോദരങ്ങളോട് സ്നേഹത്തോടും കരുതലോടും പെരുമാറി ദൈവസൃഷ്ടിയായ പ്രപഞ്ചത്തെ സംരക്ഷിച്ച് ഈ ഭൂമിയിൽ ജീവിച്ച് കടന്നുപോകേണ്ടവരാണ് നാമെന്ന് ഈ കാലഘട്ടം നമ്മെ പഠിപ്പിക്കുന്നു.

അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ എന്ന ആഹ്വാനത്തോടെ നാം ക്ഷാരബുധൻ ആരംഭിച്ചു. തപസ്സുകാലം ഒന്നാം ഞായറായ ഇന്നത്തെ സുവിശേഷത്തിൽ യേശു നമ്മെ ഏവരെയും മാനസാന്തരത്തിലേയ്ക്ക് ക്ഷണിച്ചുകൊണ്ട് ഇപ്രകാരം കല്പിക്കുന്നു. “സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ” (മാർക്കോസ് 1.15). സ്വപിതാവിന്റെ ഭവനത്തിൽ നിന്ന് എല്ലാം ശേഖരിച്ച് അകന്നുപോയ ധൂർത്തപുത്രന്റെ സ്ഥാനത്താണ് പലപ്പോഴും നമ്മൾ. ഒരിക്കലും സഞ്ചരിക്കരുതാത്ത വഴികളിലൂടെ ധൂർത്തപുത്രനെപ്പോലെ നാം യാത്ര ചെയ്തിട്ടുണ്ടാകാം. പക്ഷേ പിതൃസ്നേഹത്തിന്റെ ഓർമ്മയിൽ തിരിച്ചുവരവിനു തയ്യാറായ ധൂർത്തപുത്രന്റെ മാതൃകയാണ് ഈ തപസ്സുകാലത്ത് നാം സ്വീകരിക്കേണ്ടത്. “പിതാവേ, സ്വർഗ്ഗത്തിനെതിരായും നിന്റെ മുൻപിലും ഞാൻ പാപം ചെയ്തു

പോയി. നിന്റെ പുത്രനെന്ന് വിളിക്കപ്പെടാൻ ഞാൻ ഇനി യോഗ്യനല്ല. നിന്റെ ദാസരിൽ ഒരുവ നായി എന്നെ സ്വീകരിക്കണമേ'' (ലൂക്കാ. 15: 18, 19) എന്ന് എളിമയോടെ പ്രാർത്ഥിച്ച് മാനസാന്ത രത്തിന്റെ ജീവിതം നയിക്കുവാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ പാപമേഖലകളെ ഉപേക്ഷിച്ച് വിശുദ്ധിയിൽ ജീവിക്കുവാനുള്ള സമയമാണ് ഈ തപസ്സുകാലം. ''അതുകൊണ്ട് നിങ്ങളിൽ ഭൗതികമായിട്ടുള്ളതെല്ലാം - അസൻമാർഗികത, അശുദ്ധി, മനഃക്ഷോഭം, ദുർവിചാരങ്ങൾ, വിഗ്ര ഹാരാധന തന്നെയായ ദ്രവ്യാസക്തി, ഇവയെല്ലാം നശിപ്പിക്കുവിൻ'' (കോളോ. 3, 5). അമർഷം, ക്രോധം, ദുഷ്ടത, ദൈവദൂഷണം, അശുദ്ധഭാഷണം തുടങ്ങിയവ വർജ്ജിക്കുവിൻ. പരസ്പരം കള്ളം പറയരുത്. പഴയ മനുഷ്യനെ അവന്റെ ചെയ്തികളോടുകൂടെ നിഷ്കാസനം ചെയ്യുവിൻ (കൊളോ. 3: 8-9).

അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിച്ചുകൊണ്ട് നവീകരണത്തിന്റേയും വിശുദ്ധിയുടേയും പാതയിലൂടെ എങ്ങനെ ജീവിക്കാമെന്ന് പരിശുദ്ധ ഫ്രാൻസിസ് പാപ്പാ തന്റെ തപസ്സുകാല സന്ദേ ശത്തിലൂടെ വ്യക്തമാക്കുന്നുണ്ട്. വിശ്വാസം, പ്രത്യാശ. സ്നേഹം, എന്നിവയുടെ ആഴമായ വേരോട്ടം നടക്കേണ്ട സമയമാണ് നോമ്പുകാലമെന്ന് പാപ്പാ ഓർമ്മിപ്പിക്കുന്നു. പ്രാർത്ഥനയിലൂ ടെയും ഉപവാസത്തിലൂടെയും ദാനധർമ്മത്തിലൂടെയും ഇവ വളർത്തിയെടുക്കാൻ കഴിയുമെന്ന് പാപ്പാ നിർദ്ദേശിക്കുന്നു. (cf.മത്താ. 6: 1-18). പാപ്പായുടെ സന്ദേശത്തെ ലളിതമായി വിശ്വാസ ത്തിൽ ആഴപ്പെടേണ്ട കാലം, പ്രത്യാശയിൽ വളരേണ്ടകാലം. സ്നേഹത്തിൽ അഭിവൃദ്ധിപ്പെടേണ്ട കാലം എന്ന് സംഗ്രഹിക്കാം.

<u>**1. വിശ്വാസത്തിൽ ആഴപ്പെടേണ്ട കാലം**</u>: വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ സ്വീക രിക്കുകയും ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പിൽ അവന് സാക്ഷ്യം നൽകുകയുമാണ് വിശ്വാസ ജീവിതത്തിന്റെ കാതൽ. സത്യം തന്നെയായ ക്രിസ്തുവിനെ അറിയുകയും അനുഭവി ക്കുകയും അത് തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യുകയും ചെയ്യുന്നതിനുള്ള പ്രധാനപ്പെട്ട മാർഗ്ഗം ദൈവവചനത്തോടുള്ള ഹൃദയത്തിന്റെ തുറവിയാണ്. യേശു ദൈവപുത്രനായ ക്രിസ്തു വാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം അവന്റെ നാമ ത്തിൽ നിങ്ങൾക്ക് ജീവനുണ്ടാകുന്നതിനും വേണ്ടിയാണ് താൻ സുവിശേഷം രചിച്ചതെന്ന യോഹന്നാന്റെ വാക്കുകൾ (യോഹ. 20, 31) നമുക്ക് അനുസ്മരിക്കാം. ദൈവവചനം ജീവദായക മാണ്. അത് മനുഷ്യന്റെ പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമാണ്. (സങ്കീ. 119, 105). വചനമാണ് ജീവന്റെ പൂർണ്ണതയിലേയ്ക്ക്, ക്രിസ്തുവിലേയ്ക്ക് നമ്മെ നയിക്കുന്നത്.

ഉപവാസം വചനമായ ദൈവത്തോട് ചേർന്ന് നിൽക്കുവാൻ നമ്മെ സഹായിക്കുന്നു. ഉപവാസം എന്നത് ഭക്ഷണം വേണ്ടെന്ന് വയ്ക്കുന്നത് മാത്രമല്ല; ദൈവത്തിൽ നിന്ന് നമ്മെ അകറ്റുന്ന എല്ലാ തിന്മകളോടും അകലം പാലിക്കുന്നതാണ്. അങ്ങനെ ഉപവാസത്തിലൂടെ ദൈവത്തെ നമ്മുടെ ജീവിതത്തിലേയ്ക്ക് സ്വാഗതം ചെയ്യുകയും അനുദിനം ദൈവവചനം വായിക്കുകയും ധ്യാനിക്കു കയും ചെയ്ത് നമ്മുടെ ഹൃദയങ്ങളിൽ ദൈവത്തെ കുടിയിരുത്തുകയും ചെയ്തുകൊണ്ട് ഈ തപസ്സുകാലം അർത്ഥപൂർണ്ണമാക്കാം.

<u>**2. പ്രത്യാശയിൽ വളരേണ്ട കാലം:**</u> തപസ്സുകാലം പ്രത്യാശയുടെ നാളുകളാണ്. യേശു നൽകുന്ന ജീവന്റെ ജലമായ പ്രത്യാശ നമ്മുടെ ജീവിതയാത്രയെ സധൈര്യം മുന്നോട്ട് നയിക്കു വാൻ സഹായിക്കുന്നു. സമരിയാക്കാരി സ്ത്രീയോട് ഞാൻ നിനക്ക് ജീവജലം നൽകാമെന്ന് യേശു പറഞ്ഞപ്പോൾ അവൾക്ക് ഒന്നും മനസ്സിലായില്ല. അവളുടെ പഴയ പാപകരമായ ജീവിത ത്തിൽ നിന്ന് മോചനം നൽകി, ദൈവാത്മാവിനാൽ നിറച്ച് നിത്യരക്ഷയാകുന്ന ജീവജലം യേശു അവൾക്ക് പ്രദാനം ചെയ്യുന്നു. നമ്മുടെ തെറ്റുകളിലും കുറവുകളിലും പാപങ്ങളിലും അവസാനി ക്കേണ്ടതല്ല ജീവിതമെന്നും ദൈവത്തിന്റെ അനന്തമായ ക്ഷമ സ്വീകരിച്ചുകൊണ്ട് പ്രത്യാശ യോടെ നിത്യജീവൻ ലക്ഷ്യമാക്കി ജീവിക്കണമെന്നും യേശു ആഗ്രഹിക്കുന്നു. യേശു പറഞ്ഞു: ''ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ

നൽകുന്ന ജലം അവനിൽ നിത്യജീവനിലേയ്ക്ക് നിർഗളിക്കുന്ന അരുവിയാകും.'' (യോഹ. 4, 14).

ദൈവത്തോടുള്ള അനുരഞ്ജനം വഴി നാം പ്രത്യാശയിൽ ജീവിക്കണമെന്ന് വിശുദ്ധ പൗലോസ് അപ്പോസ്തലൻ ഉത്ബോധിപ്പിക്കുന്നു. ''ഞങ്ങൾ വഴി ദൈവം നിങ്ങളോട് അഭ്യർത്ഥിക്കുന്നു. നിങ്ങൾ ദൈവത്തോട് രമ്യതപ്പെടുവിൻ'' (2. കൊറി. 5, 20). പാപമോചനം വഴി ദൈവത്തോട് രമ്യതപ്പെട്ട നമ്മൾ സഹോദരരോടും രമ്യതയിൽ കഴിയേണ്ടിയിരിക്കുന്നു. അവരുടെ ദുഃഖങ്ങളിലും നൊമ്പരങ്ങളിലും സമാശ്വാസവും സാന്ത്വനവുമായി വർത്തിക്കണമെന്ന് ഫ്രാൻസിസ് പാപ്പാ ''നാം സോദരർ'' എന്ന ചാക്രികലേഖനത്തിലൂടെ നമ്മെ ഉദ്ബോധിപ്പിക്കുന്നു. മറ്റുള്ളവരുടെ പ്രശ്നങ്ങളുടെയും ആവശ്യങ്ങളുടെയും ഭയങ്ങളുടെയും ഭാരത്തിൽ പങ്കുചേരുക, കാരുണ്യത്തിന്റെ ഒരു കർമ്മം, അന്യരെ വേദനിപ്പിക്കാതിരിക്കാനുള്ള താല്പര്യം, അവരുടെ ഭാരങ്ങൾ ലഘൂകരിക്കാനുള്ള സന്നദ്ധത, ആശ്വാസത്തിന്റേയും കാരുണ്യത്തിന്റെയും പ്രോത്സാഹനത്തിന്റേയും വാക്കുകൾ (നാം സോദരർ നമ്പർ: 223), എന്നോട് പൊറുക്കുക, എന്നോട് ക്ഷമിക്കുക, നിങ്ങൾക്ക് നന്ദി എന്നു പറയാൻ, ഒരു പുഞ്ചിരി സമ്മാനിക്കാൻ, നിസ്സംഗത വെടിഞ്ഞ് മറ്റുള്ളവരോട് കരുണയോടെ പെറുമാറാൻ (നാം സോദരർ നമ്പർ: 224) കഴിയുമ്പോൾ നാം എല്ലാവരോടും അനുരഞ്ജിതരായി സഹോദരസ്നേഹത്തിൽ കഴിഞ്ഞ് പ്രത്യാശയുടെ കൂട്ടായ്മ അനുഭവത്തിൽ ജീവിക്കുന്നവരാകും.

നോമ്പുകാലത്ത് പ്രാർത്ഥന ദൈവവുമായും മനുഷ്യരുമായും സ്നേഹസമ്പർക്കത്തിൽ ജീവിക്കുവാൻ നമ്മെ സഹായിക്കുന്നു. യഥാർത്ഥ പ്രാർത്ഥന, ജീവിത പരിവർത്തനം സാദ്ധ്യമാക്കുകയും ദൈവത്തോടും പ്രകൃതിയോടും സഹോദരരോടും അനുരഞ്ജനത്തിൽ ജീവിക്കാൻ നമ്മെ നിരന്തരം പ്രചോദിപ്പിക്കുകയും ചെയ്യുന്നു. രഹസ്യത്തിൽ പ്രാർത്ഥിക്കുമ്പോൾ ദൈവം നമ്മുടെ ജീവിതത്തിന് ഉത്തേജനവും ആന്തരിക പ്രകാശവും നൽകുന്നു (cf. മത്താ. 6, 6). ഈ ലോകത്തിലെ സഹനങ്ങൾക്കും വിലാപങ്ങൾക്കും അപ്പുറം ക്രിസ്തുവേകുന്ന ഉത്ഥാനാനുഭവത്തിന്റെ പ്രത്യാശയിൽ ജീവിക്കാൻ പ്രാർത്ഥന നമുക്ക് ശക്തി പകരട്ടെയെന്ന് തപസ്സുകാലത്ത് ദൈവത്തോടപേക്ഷിക്കാം.

<u>**3. സ്നേഹത്തിൽ അഭിവൃദ്ധിപ്പെടേണ്ട കാലം:**</u> എല്ലാ നിയമങ്ങളേയും സംഗ്രഹിച്ചുകൊണ്ട് യേശു സ്നേഹമെന്ന കല്പന നമുക്ക് നൽകി. ദൈവം സ്നേഹപിതാവാണെന്നും നാം അവിടുത്തെ മക്കളാണെന്നും അവിടുന്ന് പഠിപ്പിച്ചു. സ്നേഹമെന്നത് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും മഹത്തായ പ്രകാശനമാണ്. അത് എല്ലാവരോടുമുള്ള കരുണയും കരുതലുമാണ്. ''പരസ്പരം സ്നേഹിക്കുകയെന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുമുണ്ടാകരുത്. എന്തെന്നാൽ അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിച്ചുകഴിഞ്ഞു'' (റോമ. 13, 8). വിശുദ്ധ പൗലോസ് അപ്പോസ്തലൻ സ്നേഹമാണ് സർവ്വോത്കൃഷ്ടം എന്ന് ഉത്ബോധിപ്പിക്കുന്ന വചനഭാഗം തപസ്സുകാലത്ത് നമുക്ക് ധ്യാനവിഷയമാക്കാം (1. കൊറി. 13). സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല. ആത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല. സ്നേഹം അനുചിതമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല, അത് അനീതിയിൽ സന്തോഷിക്കുന്നില്ല, സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു. സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു; സകലത്തേയും അതിജീവിക്കുന്നു (1. കൊറി. 13: 4-7). ഈ സ്നേഹത്തിൽ ലോകത്തിലെ എല്ലാ മനുഷ്യരേയും സഹോദരി സഹോദരന്മാരായി കണ്ട് ഒരു ആഗോള സ്നേഹസംസ്ക്കാരം കെട്ടിപ്പെടുക്കണമെന്നാണ് ഫ്രാൻസിസ് പാപ്പാ തന്റെ ''നാം സോദരർ'' എന്ന ചാക്രികലേഖനത്തിലും നമ്മെ ഉദ്ബോധിപ്പിക്കുന്നത്.

ദാനധർമ്മം എന്ന ഭക്താഭ്യാസം മനുഷ്യരെ സ്നേഹത്തിൽ ജീവിക്കുവാൻ ക്ഷണിക്കുന്നതാണ്. ഇത് ഉള്ളത് പരസ്പരം പങ്കുവച്ച് ജീവിക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. ദൈവം നമുക്ക്

നൽകിയ ആരോഗ്യം, ബുദ്ധിശക്തി, കഴിവുകൾ, സൗഭാഗ്യങ്ങൾ എന്നിവയെല്ലാം എല്ലാവരുടേയും നന്മയ്ക്കായി പങ്കിടാനുള്ളതാണെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. ''കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല'' (1. യോഹ. 4: 2).

സ്നേഹം സഹായം ആവശ്യമുള്ളവരെ സ്വന്തമായി കരുതുന്നു. സ്നേഹപൂർവ്വം കൊടുക്കുന്ന ചെറിയൊരു തുക ഒരിക്കലും വറ്റാത്ത ജീവന്റേയും സന്തോഷത്തിന്റേയും സ്രോതസ്സായി മാറുന്നു. അത്തരത്തിലുള്ളതായിരുന്നു സറോഫാത്തിലെ വിധവയുടെ എണ്ണപാത്രവും മാവിന്റെ കലവും. അതിൽ നിന്നാണ് അവൾ പ്രവാചകനായ ഏലിയായ്ക്ക് അപ്പം നൽകിയത്. (cf. 1. രാജാ. 17: 7-16). അപ്രകാരം തന്നെയായിരുന്നു ഈശോ അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് ജനക്കൂട്ടത്തിന് വിതരണം ചെയ്യാനായി ശിഷ്യന്മാരെ ഏല്പിച്ച സംഭവവും (cf. മാർക്കോ. 6: 30-44). പങ്കുവയ്ക്കുമ്പോൾ സന്തോഷം ഇരട്ടിക്കുകയും എല്ലാവരുടേയും ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും ചെയ്യുന്നു.

ഈ നോമ്പുകാലത്ത് നമ്മുടെ സഹായം ആവശ്യമുള്ളവർക്ക് നമുക്ക് നല്ല അയൽക്കാരാകാം. കോവിഡ് മഹാമാരിമൂലം കഷ്ടപ്പെടുന്നവരേയും, ഇതര രോഗങ്ങളാലും ദാരിദ്ര്യത്താലും ബുദ്ധിമുട്ട് അനുഭവിക്കുന്നവരേയും ചേർത്തുപിടിക്കുകയും പരോപകാരപ്രവൃത്തികൾ വഴി ഭാവിയെക്കുറിച്ചുള്ള പ്രത്യാശയിൽ ജീവിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ട് ദൈവം അവരെ സ്നേഹിക്കുന്നുവെന്ന് ബോദ്ധ്യപ്പെടുത്തുകയും ചെയ്യാം.

പ്രിയ സഹോദരരേ, ഈ തപസ്സുകാലം മനുഷ്യജീവിതത്തിന്റെ നശ്വരതയേയും ക്ഷണികതയേയും മനസ്സിലാക്കിക്കൊണ്ട് ദൈവത്തിലേയ്ക്ക് കൂടുതൽ അടുക്കുവാൻ പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും സത്പ്രവൃത്തികളിലൂടെയും നമുക്ക് പരിശ്രമിക്കാം. നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും വിശ്വസിക്കാനും പ്രത്യാശിക്കുവാനും സ്നേഹിക്കുവാനുമുള്ളതാണെന്ന ആഴമായ ബോദ്ധ്യത്തിലേയ്ക്ക് നമുക്ക് വളരാം. അതുവഴി ക്രിസ്തുവിൽ നിന്ന് നിർഗ്ഗളിക്കുന്ന വിശ്വാസത്തിന്റേയും പരിശുദ്ധാത്മനിവേശത്താലുള്ള പ്രത്യാശയുടെയും പിതാവായ ദൈവത്തിന്റെ കരുണാർദ്രമായ ഹൃദയത്തിൽ നിന്ന് ഒഴുകുന്ന സ്നേഹത്തിന്റേയും ചൈതന്യത്തിൽ ജീവിക്കുവാൻ ഈ തപസ്സുകാലം നമ്മെ സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ, പ്രാർത്ഥനയോടെ,

† ക്രിസ്തുദാസ് ആർ.
തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ

16.02.2021
വെള്ളയമ്പലം

---

**NB**: ഈ ഇടയലേഖനം 2021 ഫെബ്രുവരി മാസം 21-ാം തീയതി ദിവ്യബലിമധ്യേ വായിച്ചു വിശദീകരിക്കേണ്ടതാണ്.